മട്ടാഞ്ചേരി പാലത്തിലെ ടോൾ പിരിവ്

50 [602] ശ്രീ. പി. ജെ. ജോയി:
,, ജോർജ് ജെ. മാത്യു:
,, സി. പി. മുഹമ്മദ്:
,, തിരുവഞ്ചൂർ രാധാകൃഷ്ണൻ:
,, വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി. ഒ. ടി. അടിസ്ഥാനത്തിൽ മട്ടാഞ്ചേരിയിൽ നിർമ്മിച്ചിട്ടുള്ള പാലത്തിൽകൂടി കടന്നുപോകുന്ന വാഹനങ്ങളിൽനിന്ന് ഇപ്പോൾ പിരിക്കുന്ന ടോൾ എത്രയാണ്;

(ബി) ഇപ്പോൾ ചുമത്തിയിട്ടുള്ള ടോളിനെപ്പറ്റി പാലം ഉപയോഗിക്കുന്നവർക്ക് പരാതിയുള്ളതായി അറിവുണ്ടോ;

(സി) ഇത് കുറയ്ക്കുന്നതിനെപ്പറ്റി എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ കമ്പനിയുടെ ഇക്കാര്യത്തിലുള്ള സമീപനമെന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) പാലം നിർമ്മിച്ച കമ്പനിക്ക് കോമ്പൻസേഷൻ നൽകി കമ്പനിയുടെ അവകാശങ്ങൾ ഇല്ലാതാക്കുവാൻ എന്തെങ്കിലും നിർദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) (1)	കാർ	ഒരു തവണ പോകുന്നത്	..	7.00
		മടക്കയാത്രയ്ക്കു കൂടി	..	10.00
(2)	ബസ്	ഒരു തവണ	..	30.00
		മടക്കയാത്രയ്ക്കുകൂടി	..	45.00
		2½ ട്രിപ്പിൽ കൂടുതൽ യാത്ര ചെയ്യുന്ന ബസുകൾക്ക് ഒരു ദിവസത്തേക്ക്	..	100.00
(3)	ട്രക്ക്/ലോറി	ഒരു യാത്രയ്ക്ക്	..	30.00
		മടക്കയാത്രയ്ക്കുകൂടി	..	45.00
(4)	ടെമ്പോ മുതലായ വാഹനങ്ങൾക്ക്	ഒരു യാത്രയ്ക്ക്	..	12.00
		മടക്കയാത്രയ്ക്കു കൂടി	..	18.00
(5)	കണ്ടെയ്നർ ലോറി	ഒരു യാത്രയ്ക്ക്	..	36.00
		മടക്കയാത്രയ്ക്കുകൂടി	..	53.50

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്.

(സി—ഇ) ടോൾ പിരിവു സംബന്ധിച്ച പരാതികൾക്ക് പരിഹാരം ഉണ്ടാക്കുന്നതിനായി സർക്കാർ നിയോഗിച്ച മന്ത്രിസഭാ ഉപസമിതി പാലം നിർമ്മിച്ച കമ്പനിയുമായും ബന്ധപ്പെട്ട മറ്റെല്ലാവരുമായും ചർച്ച നടത്തിയശേഷം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ ഈ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമുണ്ടാക്കാനുള്ള ശ്രമങ്ങൾ നടത്തിവരുന്നു.

മട്ടാഞ്ചേരി പാലത്തിലെ ടോൾ വ്യവസ്ഥ

51 [603] ശ്രീ. സി. പി. മുഹമ്മദ്:
" എഴുകോൺ നാരായണൻ:
" വർക്കല കഹാർ:
" തിരുവഞ്ചൂർ രാധാകൃഷ്ണൻ:
" പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടാഞ്ചേരി പാലത്തിന്റെ ബി.ഒ.ടി. കരാർ വച്ചത് ഏത് മന്ത്രിസഭയുടെ കാലത്താണ്;

(ബി) പ്രസ്തുത കരാർ അനുസരിച്ച് ഓരോ വർഷവും പാലത്തിൽക്കൂടി സഞ്ചരിക്കുന്ന വാഹനങ്ങളുടെ ടോൾ വർദ്ധിപ്പിക്കുവാൻ വ്യവസ്ഥയുണ്ടോ;

(സി) ഈ വ്യവസ്ഥ തുടർന്നുകൊണ്ടുപോകുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഈ വ്യവസ്ഥ നീക്കംചെയ്യുവാൻ എന്തുനടപടിയാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത പാലത്തിൽ നിന്ന് എത്രകാലം ടോൾ പിരിക്കുവാനുള്ള അവകാശമാണ് അത് നിർമ്മിച്ച കമ്പനിക്ക് നൽകിയിരിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മുൻ LDF മന്ത്രിസഭയുടെ കാലത്ത്.

(ബി) ഉണ്ട്.

(സി, ഡി) ടോൾ പിരിവിനെ സംബന്ധിച്ചുണ്ടായ പരാതികൾ പരിഹരിക്കുന്നതിനായി നിയോഗിച്ച മന്ത്രിസഭാ ഉപസമിതി ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് ശുപാർശ സമർപ്പിച്ചിട്ടുണ്ട്. ഈ ശുപാർശയുടെ അടിസ്ഥാനത്തിൽ പരാതികൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) 13 വർഷം 9 മാസം.

LIBRARY ARCHIVES Kerala Legislative Assembly